ഉദ്യോഗങ്ങൾ.

* 677. [13] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആകെ എത്ര ഗസറ്റഡ്, നാൺഗസറ്റഡ്, കണ്ടിൻജൻസി എന്നീ ഇനത്തിലുള്ള ഉദ്യോഗങ്ങൾ ഉണ്ട് ;

(ബി) അതിൽ ഓരോ വകുപ്പിലും എത്ര പട്ടികജാതിക്കാർ വീതം സേവനം അനുഷ്ഠിക്കുന്നുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :) ഈ ചോദ്യം കിട്ടിയതിനുശേഷം ഇന്നുവരെയുള്ള സമയംകൊണ്ട് ഇതിനു വേണ്ട വിവരങ്ങൾ ശേഖരിക്കാൻ കഴിഞ്ഞിട്ടില്ല.

രണ്ടാം പഞ്ചവത്സരപദ്ധതി.

* 678. [14] ശ്രീ. ആർ. പ്രകാശം. താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയുടെ സ്റ്റേറ്റപ്ലാൻ നക്കൽനെക്കുറിച്ച് തിരുവിതാംകൂർ–കൊച്ചി എം. പി. മാരിൽ ആരെങ്കിലും മുഖ്യമന്ത്രിക്ക് എഴുതിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതു് ; എഴുത്തിന്റെ സാരാംശവും പ്രധാന നിർദ്ദേശങ്ങളും എന്തു് ;

(സി) തിരുവിതാംകൂർ–കൊച്ചി എം. പി. മാരുടെ ഒരു യോഗം വിളിച്ചുകൂട്ടി കൂടുതൽ അലോട്ടുമെന്റ് സ്റ്റേറ്റിനു് ലഭിക്കാൻതക്ക നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ടു്.

(ബി) ശ്രീ. എൻ. സി. ശേഖർ, എം. പി.
ശ്രീ. വി. പി. നായർ, എം. പി.
ശ്രീ. പി. ടി. പുന്നൂസ്, എം. പി.

അതിൽപ്പെട്ട ചില പ്രധാന നിർദ്ദേശങ്ങൾ ഇവകളാണു്. വക്കലയിൽ ഉള്ള ലിഗ്നൈറ്റിനെപ്പറ്റി അന്വേഷണം നടത്തണം. മത്സ്യവ്യവസായം പുരോഗമിപ്പിക്കണം. വിദ്യുച്ഛക്തിക്കുവേണ്ട കളിമൺ സാധനങ്ങൾ ഉണ്ടാക്കണം. ഒരു റബ്ബർഫാക്ടറി സ്ഥാപിക്കണം.

(സി) കഴിഞ്ഞ സെപ്റ്റംബർ അവസാനത്തിൽ സ്റ്റേറ്റപ്ലാൻ പ്ലാനിംഗ് കമ്മീഷൻ ചർച്ച ചെയ്യുന്നതിനുമുമ്പു് ഡൽഹിയിൽവച്ചു് തിരുവിതാംകൂർ–കൊച്ചി എം. പി. മാരുടെ ഒരു കാണ്ഫറൻസ് നടത്തിയതുകൊണ്ടു് വീണ്ടും ഒരു യോഗം വിളിച്ചുകൂട്ടാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. ആർ. പ്രകാശം : ആ എഴുത്തിൽ നേരത്തെ കൂട്ടി എം. പി. മാരുടെ അഭിപ്രായം ആരാഞ്ഞിരുന്നോ എന്നൊരാക്ഷേപം ഉന്നയിച്ചിട്ടുള്ളതു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നേരത്തേക്കൂട്ടി അഭിപ്രായം ആരാഞ്ഞിരുന്നില്ല.

ശ്രീ ആർ. പ്രകാശം : അങ്ങനെ ഒരാക്ഷേപം ഇല്ലായിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മുമ്പിൽ അങ്ങനെ പറഞ്ഞിട്ടുണ്ടായിരിക്കാം. എനിക്ക് ഓർമ്മയില്ല.

ശ്രീ. ആർ. പ്രകാശം : ഇനിയും ഒരു യോഗം വിളിച്ചു കൂട്ടിയാൽ അലോട്ട്മെൻറ് കുറഞ്ഞിരിക്കുന്നതു കൂട്ടാൻ സഹായമായിരിക്കുമല്ലോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എന്നു തോന്നുന്നില്ല.

ശ്രീ. ടി. എ. മജീദ് : അവരുടെ നിർദ്ദേശം ഇപ്പറഞ്ഞ അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ള ഗോവിന്ദമേനോൻ : അതെല്ലാം നല്ല നിർദ്ദേശങ്ങളാണ്.

ശ്രീ. എൻ. ജി. ചാക്കോ : ഡൽഹിയിൽ നടന്നിയ യോഗത്തിൽ എല്ലാ എം. പി. മാരും സംബന്ധിച്ചിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എല്ലാവരേയും ക്ഷണിച്ചിരുന്നു. മിക്കവരും സംബന്ധിച്ചിരിക്കും.

ശ്രീ. പി. എസ്. നടരാജപിള്ള: പ്ലാനിംഗ് അഡൈവസറി ബോർഡിൽ എം. പി. മാരെ നാമനിർദ്ദേശം ചെയ്തിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : രണ്ടുപേരേ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്.

ശ്രീ. ആർ. പ്രകാശം : ആ നിർദ്ദേശങ്ങളെപ്പറ്റി അന്വേഷണം നടത്തിയതിന്റെ വിവരം പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മത്സ്യവ്യവസായം നന്നാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. വിദ്യുച്ഛക്തിക്കു വേണ്ടി കളിമൺ സാധനങ്ങൾ ഉണ്ടാക്കാൻ ആലോചിക്കുന്നുണ്ട്. റബ്ബർഫാക്ടറി സ്ഥാപിക്കുന്നകാര്യവും ആലോചനയിൽ ഇരിക്കുന്നു.

ശ്രീ. ആർ. പ്രകാശം : വക്കലയിലെ ലിഗ്നൈറ്റ് നെപ്പറ്റി വല്ലതെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനുള്ള സമയം ആയിട്ടില്ല.

രണ്ടാംപഞ്ചവത്സരപദ്ധതിയിലെ ജലസേചന പദ്ധതികൾ.

* 679. [15] ശ്രീ. ആർ. പ്രകാശം : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) രണ്ടാം പഞ്ചവത്സരപദ്ധതി കാലഘട്ടത്തിൽ ഇൻവെസ്റ്റിഗേഷൻ നടത്താനായി ഏതെല്ലാം മേജർ, മീഡിയം ജലസേചനപദ്ധതികൾക്കു പണം കൊള്ളിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly